കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ത്തുണേരി ബ്ളോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി7/1530/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:.dokkd.ksad@kerala.gov.in

തീയതി 01.08.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൂണേരി ബ്ളോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൂണേരിബ്ളോക്ക് പഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ബ്ളോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി7/1530/2017 തിയ്യതി:01.08.17

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ളോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ളോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.05.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി യിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി.ഉണ്ണികൃഷ്ണൻ ജോയന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-6-2017 മുതൽ 6-6-2017 വരെ<br>12-7-2017 മുതൽ 13-7-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.ഗിരീശൻ പാറപ്പൊയിൽ (1.6.2017-6.6.2017) | ഓഡിറ്റ് ഓഫീസർ |
| 2 | ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ഷിനിത്ത്.എ (1.6.2017-6.6.2017) | ഓഡിറ്റർ |
| 4 | ഡാനിഷ്.എ.ഇസൈഡ് (11.6.2017 -12.7.2017) | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡണ്ട് | ശ്രീ.സി.എച്ച്.ബാലകൃഷ്ണൻ 01/04/2016 മുതൽ 31/03/2017വരെ |
| സെക്രട്ടറി | ശ്രീ.മത്തായി.പി.വി 1.4.2016 മുതൽ 27.4.2016 വരെ |
| | ശ്രീമതി.യു.ജി.സരസ്വതി 27.4.2016 മുതൽ 31.5.2016 വരെ (സെക്രട്ടറി ഇൻ ചാർജ്) |
| | ശ്രീ.മത്തായി.പി.വി 31.5.2016 മുതൽ 16.6.2016 വരെ |
| | ശ്രീ.ജയ്.പി.ബാൽ 16.6.2016 മുതൽ |

| | |
|---|---|
| | 29.8.2016 വരെ |
| | ശ്രീമതി.കെ.കെ.ലളിത 29.8.2016 മുതൽ 31.3.2017 വരെ (സെക്രട്ടറി ഇൻ ചാർജ്) |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.രമാ ദേവി പി.ആർ | 1.4.2016 മുതൽ 25.8.16വരെ |
| | ശ്രീമതി.പി.ശാന്തി | 26.8.2016 മുതൽ 31.3.2017വരെ |
| സൂപ്രണ്ട് നാദാപുരം താലൂക്ക് ആശുപത്രി | ഡോ.ഗീത ഗുരുദാസ് | 1.4.2016 മുതൽ 31.3.2017വരെ |
| താലൂക്ക് ഹോമിയോ ആശുപത്രി പുറമേരി | ഡോ.സജീവ് ടി കെ | 1.4.2016 മുതൽ 5.6.2016വരെ |
| | ഡോ.പ്രീത.സി | 6.6.2016 മുതൽ 2.2.2017വരെ |
| | ഡോ.ശ്രീലേഖ ടി വൈ | 2.2.2017 ഉച്ച മുതൽ 28.2.2017വരെ |
| | ഡോ.കെ ഹരീഷ് ബാബു | 28.2.2017 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ<br>സി എച്ച് സി വളയം | ഡോ ശശീന്ദ്രൻ പി കെ | 1.4.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ | ശ്രീ.പി എം ഗോപി നാഥ്, | 1.4.2016 മുതൽ 29.11.2016വരെ |
| | ശ്രീ.കെ. ദിലീപ് കുമാർ | 30.11.2016 മുതൽ 16.2.2017വരെ |
| | ശ്രീ.ഷൈബി ജോർജ്ജ് | 16.2.2017 മുതൽ 7.3.2017വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.കെ. ദിലീപ് കുമാർ | 8.3.2017 മുതൽ 31.3.2017വരെ |
| സി.ഡി.പി.ഒ | ശ്രീമതി.കവിത. കെ. ആർ | 1.4.2016 മുതൽ 13.12.2016വരെ |
| | ശ്രീമതി.ഗിരിജ കുന്നമ്മൽ | 14.12.2016 മുതൽ 24.1.2017വരെ |
| | ശ്രീമതി.ഗായത്രി. എസ് | 25.1.2017 മുതൽ 31.3.2017വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ.പത്മനാഭൻ | 1.4.2016 മുതൽ 31.3.2017വരെ |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 18/2015-16 തി. 24.2.16 |

### 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 07-07-17 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി-27101457.5

വരവ് – 67052020.00

ആകെ – 94153477.5

ചെലവ് – 68631360.00

നീക്കിബാക്കി-25522117.50

### 1-5 ഫണ്ട് വിനിയോഗം ( എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25807079 | 25807079 | 14489340 | 11317739 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1886091 | 1886091 | 1642000 | 244091 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1325622 | 1325622 | 1317122 | 8500 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4018230 | 4018230 | 2488103 | 1530127 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 73 | 44 | 1 | 28 | 60.27 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| മെഡിക്കൽ ഓ ഫീസർ | 2 | 2 | 950000 | 910264 | 95.81 |
| സി. ഡി. പി. ഒ | 3 | 3 | 710950 | 418621 | 58.88 |
| സെക്രട്ടറി | 19 | 18 | 15414558 | 11227089 | 72.83 |
| മെഡിക്കൽഓഫീസർ-താലൂക്ക് ആശുപത്രി | 2 | 2 | 511267 | 511151 | 99.97 |
| ക്ഷീരവികസനഓഫീസർ | 1 | 1 | 1350000 | 430000 | 31.85 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1000000 | ----- | 0 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 45 | 18 | 24568455 | 6439440 | 26.2 |

## 1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്തിൽ തനത് വരുമാന ലഭ്യത തീരെ കുറഞ്ഞതിനാൽ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.7.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 27369/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് |
|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 03.06.2017 മുതൽ 05.06.2017 | 2016-2017,മുതൽ 30.05.2017 വരെ |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 28.12.2012 മുതൽ 31.12.2012 | 1.06.2009 മുതൽ 30.11.2012 വരെ |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

വാർഷികകണക്ക്,അനുബന്ധരേഖകൾ,രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്നു.

1.ക്യാഷ് ബുക്ക്,ബാങ്ക്ബുക്കുകൾ എന്നിവയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2.വാർഷികകണക്ക് രസീറ്റ് ആൻഡ് പെയ് മെന്റ് ആർ.പി10പ്രകാരം മിസലേനിയസ് രസീറ്റ്ആയി കാണിച്ച 257801 രൂപയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3-ആർ .പി 40(ബി) പ്രകാരമുള്ള ബാങ്ക് ക്ളോസിംഗ് ബാലൻസ് ഷെഡ്യൂൾ പ്രകാരം BPFA-1 ആക്കൗണ്ടിൽ 125000/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് ,പാസ്സ് ബുക്ക് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. സംയുക്ത പദ്ധതികൾക്കായി വിവിധ ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഏതൊക്കെ പ്രോജക്ടുകൾക്കായി എത്രതുക ലഭിച്ചു അതിൽ എത്ര തൻവർഷം ചെലവഴിച്ചു അവശേഷിക്കുന്ന തുക എത്ര എന്നത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

5-എസ്.എം.ജി ബാങ്ക്-മിസ ലേനിയസ് (450420105) ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം വൗച്ചർ നം 1 തീയ്യതി 24-10-2012 ഇൻസ്ട്രുമെന്റ് നം-49241 ആയി 12000/-രൂപ ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് ആയി കാണിച്ചിട്ടുണ്ട്. തുക വർഷങ്ങളായി റിയലൈസ് ചെയ്യപ്പെടാതെ കിടക്കുകയാണ്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6.ബ്ലോക്ക്പഞ്ചായത്തിന്റെ മുഴുവന് ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7.നിർവ്വഹണോദ്യോഗസ്ഥർ മുഖേനയുള്ള നിർവ്വഹണ പ്രൊജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.തൻവർഷം ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

## 2-2 ട്രഷറി അക്കൗണ്ട്- റീ കൺസിലിയേഷൻ യഥാസമയം നടത്തുന്നില്ല.

ജി ഒ (പി) 119/2015 ധന 21.03.2015 പ്രകാരം ട്രഷറി ഓഫീസർ എല്ലാ മാസവും 5 ാം തിയ്യതിയ്ക്ക് മുൻപ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു കഴിഞ്ഞ മാസത്തെ ഇടപാടുകൾ സംബന്ധിച്ച കംപ്യൂട്ടർ പത്രിക നല്കുകയും, സെക്രട്ടറിമാർ എല്ലാ മാസവും 10 ാം തിയ്യതിയ്ക്ക് മുൻപ് സ്ഥാപനത്തിലെ രേഖകളുമായി പത്രിക ഒത്തു നോക്കി അക്കൗണ്ട് വിവരം ശരിയാണെന്നു ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ ഉത്തരവിനു വിരുദ്ധമായി 2016-17 ൽ 01.11.2011 മുതൽ 17.10.2016 വരെയും,01.10.2016 മുതൽ 28.02.2017 വരെയും രണ്ടു തവണകളായാണ് കംപ്യൂട്ടർ പത്രികകൾ ഒന്നിച്ച് ട്രഷറി ഓഫീസറിൽ നിന്നും ലഭ്യമായിരിക്കുന്നത്. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്. ട്രഷറി അക്കൗണ്ട്- റീ കൺസിലിയേഷൻ നടത്തി സ്റ്റേറ്റ്മെൻറ് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്ട് കോസ്റ്റ് 5 ലക്ഷത്തിൽ താഴെയുള്ള പ്രൊജക്ടുകൾ നിർവ്വഹിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

നിർവ്വഹണം : അസി.എക്സി. എഞ്ചിനീയർ

സ.ഉ.(എം. എസ്) 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6.15(XIV)ബി പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷത്തിന്റെയെങ്കിലും അടങ്കൽ തുകയുള്ള പ്രൊജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചുള്ള റോഡിതര ആസ്തികളുടെ പൂർത്തീകരണ പ്രൊജക്ടുകൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ, വാങ്ങലുകൾ എന്നിവയ്ക്കുള്ള പ്രൊജക്ടുകൾ എന്നിവയെ മേൽ നിബന്ധനകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ പദ്ധതി രേഖകൾ പരിശോധിച്ചതില് , തൻവർഷം നിർവ്വഹണം നടത്തിയ 8 പുതിയ പ്രൊജക്ടുകൾക്ക് (10,14,15,16,18,24,84,91എന്നീ നമ്പർ പ്രൊജക്ടുകൾ)അംഗീകാരം വാങ്ങിയെങ്കിലും തുക ചെലവഴിക്കാത്ത 6 (17,20,21,22,23,90 എന്നീ നമ്പർ പ്രൊജക്ടുകൾ) പ്രൊജക്ടുകളും 5 ലക്ഷത്തിൽ താഴെ മാത്രം പ്രൊജക്ട് അടങ്കൽ വരുന്നതാണ്. അതായത് തൻവർഷത്തിൽ ആകെ അംഗീകാരം വാങ്ങിയ 29 പുതിയ പ്രൊജക്ടുകളിൽ പകുതിയോളം മേൽ നിബന്ധന പാലിക്കാതെയാണ് തയ്യാറാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ മുഴുവൻ പ്രൊജക്ടുകളും റോഡു പ്രവൃത്തികൾക്കുള്ളതാണെന്നാണ് ശ്രദ്ധേയമായത്. ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുറഞ്ഞ അടങ്കലുള്ള പ്രൊജക്ടുകൾ തയ്യാറാക്കിയതിന് അടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-2 മോർഡ് സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച് റോഡ് പ്രവൃത്തി നടത്തി

നിർവ്വഹണം : അസി.എക്സി .എഞ്ചിനീയർ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.2 14 ലെ ഡി.ബി 3/6512/2013/സി.ഇ നമ്പർ ഉത്തരവ് പ്രകാരം 2014-15 വർഷം

മുതൽ ഗ്രാമീണ റോഡുകൾ MORD സ്‌പെസിഫിക്കേഷൻ അനുസരിച്ചാണ് നിർമ്മാണം / അറ്റകുറ്റപ്പണികൾ നടത്തേണ്ടത്. മേൽ സ്‌പെസിഫിക്കേഷൻ പ്രകാരം സോളിംഗ്, മെറ്റലിംഗ് എന്നീ സബ് ബേസ്, ബേസ് പ്രവൃത്തികൾക്ക് പകരം WMM ( wet mix macadam) പ്രവൃത്തി നടത്തി അതിനു മുകളിൽ പ്രൈം കോട്ട്,ടാക്ക് കോട്ട് എന്നിവ ചെയ്ത് അതിനുശേഷം MSS (mixed seal surfacing) പ്രവൃത്തിയാണ് 20mm ചിപ്പിംഗ് കാർപ്പറ്റ് പ്രവൃത്തിയ്ക്ക് പകരമായി ചെയ്യേണ്ടത്.എന്നാൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ MORD സ്‌പെസിഫിക്കേഷൻ പ്രകാരമുള്ള WMM ചെയ്തിട്ടുണ്ടെങ്കിലും അതിനുമുകളിൽ MORTH സ്‌പെസിഫിക്കേഷൻ പ്രകാരമുള്ള പ്രൈം കോട്ട്,ടാക്ക് കോട്ട്, 20mm ചിപ്പിംഗ് കാർപ്പറ്റ്, സീൽകോട്ട് എന്നിവയാണ് ചെയ്തിരിക്കുന്നത്. MORD സ്‌പെസിഫിക്കേഷൻ പ്രകാരമുള്ള റോഡ് നിർമ്മാണം ഗ്രാമീണറോഡുകളെ സംബന്ധിച്ചിടത്തോളം ഗുണമേന്മ യുള്ളതും ചെലവുകുറഞ്ഞതുമാണെന്നിരിക്കെ, ചെലവേറിയ MORTH സ്‌പെസിഫിക്കേഷൻ പ്രകാരമുള്ള ടാറിംഗ് പ്രവൃത്തികൾ ചെയ്തത് വിശദീകരിക്കപ്പെടേണ്ടതാണ്.

| ക്രമ നം | പ്രവൃത്തി | ആകെ മൂല്യം | അവസാന ബിൽ തുക |
|---|---|---|---|
| 1 | 14/17-ചാപ്പകെട്ടിയ പറമ്പത്ത് വെള്ളിയോട് സ്കൂൾ റോഡ് പരിഷ്കരണം | 203967/- | പാർട്ട് ബിൽ |
| 2 | 24/17-പുത്തൻപുരയിൽ മുക്ക് കുന്നുമ്മൽ മുക്ക് റോഡ് പുനരുദ്ധാരണം | 460209/- | 460209/- 12/24.3.17 |
| 3 | 15/17-മാമുങ്ങേരി മസ്ജിദ് റോഡ്പുനരുദ്ധാരണം (പൂർത്തീകരണം) | 356504/- | 356504/- 18/30.3.14 |

## 3-3 വനിതാ വിശ്രമകേന്ദ്രം നിർമ്മാണം -ബ്ലോക്ക് പഞ്ചായത്ത് പരിസരം- നിർവ്വഹണത്തിൽ അപാകത

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

പ്രൊജക്ട് : 33/17-വനിതാ വിശ്രമകേന്ദ്രം നിർമ്മാണം -ബ്ലോക്ക് പഞ്ചായത്ത് പരിസരം

എസ്റ്റിമേറ്റ് തുക : 1500000/- രൂപ

ആകെ പ്രവൃത്തിമൂല്യം : 1500000/- രൂപ

അവസാന ബിൽ തുക : 1500000/- രൂപ ബിൽ നം.17/30.3.17

സാങ്കേതികാനുമതി നം : 4634/2016-17 dtd.8.11.16

കരാറുടമ്പടി നം :2/AEE/TBP/LSGD/16-17 തീ 11/11/16

നിർവ്വഹണ എജൻസി : ULCCS

അളവുപുസ്തകം :80,81/16-17,1/14-15

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്ത് വനിതകൾക്ക് വിശ്രമിക്കുന്നതിനുള്ള വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനുള്ളതാണ് പ്രൊജക്ട്. ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയ പ്രൊജക്ടിന്റെ കാര്യത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) വനിതകൾക്ക് ഒരു വിശ്രമ കേന്ദ്രം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്ത് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത പ്രൊജക്ടിലോ അനുബന്ധ രേഖകളിലോ വ്യക്തമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും വനിതകൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും എത്രത്തോളം വനിതകൾ മേൽസേവനങ്ങൾക്കായി പഞ്ചായത്തിൽ ദിനം പ്രതി സന്ദർശിക്കുമെന്നും, അവർക്ക് ഒരുക്കേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണെന്നുമുള്ള അടിസ്ഥാന വിവരങ്ങൾ പരിശോധിക്കാതെയാണ് പ്രൊജക്ട് വിഭാവനം ചെയ്ത് നിർവ്വഹിച്ചിരിക്കുന്നത്. ആവശ്യകത സംബന്ധിച്ച് വ്യക്തതയില്ലാതെ കെട്ടിടം നിർമ്മിക്കുന്നത് നിഷ്ക്രിയ ആസ്തിയായി മാറുന്നതിനോ അല്ലാത്തപക്ഷം ലക്ഷ്യങ്ങളിൽ പെടാത്ത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി ഫണ്ട് വകമാറ്റത്തിനോ കാരണമാകുന്നതാണ്.

2) (എം. എസ് ) 4/2016/തസ്വഭവ. തീ.11.01.16 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6.15(xiii)സി പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രൊജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങിനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നല്കുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രൊജക്ടായി ഏറ്റെടുക്കാവുന്നതാണ്. എന്നാൽ മേൽ പ്രൊജക്ടിന്റെ കാര്യത്തിൽ കെട്ടിടത്തിന്റെ കോൺക്രീറ്റ് സ്ട്രക്ചർ മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെയ്തിരിക്കുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ, കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ അടുത്തവർഷത്തെ പ്രൊജക്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതാണെന്ന് രേഖ പ്പെടുത്തിയിട്ടുണ്ട്. വർഷാവർഷങ്ങളിൽ പുറപ്പെടുവിക്കുന്ന ആസൂത്രണ മാർഗ്ഗരേഖകളിൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ട കാര്യം ആവർത്തിച്ച് വ്യക്തമാക്കിയിട്ടും, നിർദ്ദേശങ്ങളിൽ നിന്നും തികച്ചും വിപരീതമായി പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

3) പ്രവൃത്തിയുടെ ബില്ലിൽ നിന്നും 1% നിരക്കിൽ 15000/- രൂപയാണ് ആദായനികുതി ഈടാക്കിയിരിക്കുന്നത്. എന്നാൽ പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് ഒരു വ്യക്തിയോ ഹിന്ദു കുടുംബമോ അല്ലാത്തതിനാൽ ആകെ മൂല്യത്തിന്റെ 2% നിരക്കായ 30000/- രൂപയായിരുന്നു ഈടാക്കേണ്ടിയിരുന്നത്. അപാകത മൂലം 15000/- രൂപയുടെ കുറവ് ആദായനികുതിയുടെ കാര്യത്തിൽ ഉണ്ടായിട്ടുണ്ട്.

4) പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ സേവന നികുതി ഇനത്തിൽ 84840/-രൂപയും എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ 84937/- രൂപയും വകയിരുത്തിയിരുന്നു. എന്നാൽ ആകെ പ്രവൃത്തിമൂല്യം 1415605/- രൂപ വന്ന പ്രവൃത്തിയുടെ കാര്യത്തിൽ, നിരക്കുകളിൽ CP യും OH ഉൾപ്പെട്ടിട്ടുണ്ട് എന്നത് പരിഗണിക്കാതെ,സേവനനികുതിയിനിത്തിൽ വകയിരുത്തിയ 84937/- രൂപകൂടി മറ്റ് നികുതികൾക്ക് വകയിരുത്തിയ തുകയെന്ന് പരിഗണിച്ച് പ്രവൃത്തിമൂല്യത്തിന്റെ കൂടെ കൂട്ടി ഏജൻസിക്ക് തുക നല്കിയിട്ടുണ്ട്. ഇതുമൂലം സേവനനികുതിയിനത്തിൽ കേന്ദ്രസർക്കാരിലേക്ക് അടക്കേണ്ട തുക അടക്കാതെ വരികയും നിർവ്വഹണ ഏജൻസിക്ക് 84937/- രൂപ അധികം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

5) പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതായുള്ള മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. 15000/-രൂപ ആദായനികുതിയിനത്തിലും, 84937/- രൂപ സേവനനികുതിയിനത്തിലും ബന്ധപ്പെട്ട വകുപ്പുകളി ലൊടുക്കി വിവരം അറിയിക്കേണ്ടതാണ്. മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 15 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## **3-4** റോഡ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് -നിർദ്ദേശങ്ങൾ പാലിക്കാതെ

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

അസി.എക്സി.എഞ്ചിനീയർ ഓഡിറ്റ് വർഷത്തിൽ അംഗീകാരം വാങ്ങിയ 45 പ്രൊജക്ടുകളിൽ(16 സ്പിൽ ഓവർ പ്രൊജക്ടുകളും 29 പുതിയ പ്രൊജക്ടുകളും) 21 എണ്ണവും, നിർവ്വഹണം നടത്തിയ 18 പ്രൊജക്ടുകളിൽ 12 പ്രൊജക്ടുകളും റോഡ് പ്രവൃത്തികൾക്കുള്ളതാണ്.തൻവർഷം വിനിയോഗിച്ച 64.39 ലക്ഷം രൂപയിൽ 36.36 ലക്ഷം രൂപമേൽ പ്രൊജക്ടുകൾക്കാണ് വിനിയോഗിച്ചിരിക്കുന്നത്. റോഡ് ആസ്തികളൊന്നും ബ്ലോക്ക് പഞ്ചായത്തുകൾക്കില്ല എന്നിരിക്കെയാണ് മേൽ സ്ഥിതി.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 (1) പ്രകാരമുള്ള നാലാം പട്ടികയിൽ, ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ പ്രതിപാദിക്കുന്നതിൽ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ പെടുന്നതാണ് പൊതുമരാമത്ത്. ഇതു പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതു മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നത്. സ.ഉ.(എം. എസ്) 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 11.15 (V) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള ഏതു റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്കും പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് എന്നാൽ ഇപ്രകാരം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്ന് രേഖാമൂലം സമ്മതപത്രം വാങ്ങിയിരിക്കണമെന്നും ഐ.എ.വൈ പദ്ധതിക്ക് വകയിരുത്തേണ്ടതായ മുഴവൻ തുകയും വകയിരുത്തി യിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കാര്യത്തിൽ മേല്പറഞ്ഞ നിബന്ധനകൾ ഉണ്ടായിരിക്കെ ഇവ പൂർണ്ണമായും പാലിക്കാതെയാണ് റോഡ് പ്രവൃത്തികൾ ക്കായുള്ള പ്രൊജക്ടുകൾ എറ്റെടുത്തിരിക്കുന്നത്. തൻവർഷം നിർവ്വഹണം നടത്തിയ മിക്ക റോഡുകളും 6 മീറ്റർ വീതിയിലല്ലാത്തവയാണെന്ന് പ്രൊജക്ടുകളുടെ പരിശോധന യിൽ

ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇവ 6 മീറ്റർ വീതിയുള്ളവയാണെന്ന് അസി.എക്സി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. നിർവ്വഹണം നടത്തിയ റോഡുകൾ മുഴുവൻ ഗ്രാമപഞ്ചായത്തുകളുടേതാണെന്നിരിക്കെ ഒരു റോഡുപോലും പ്രവൃത്തിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. കൃഷി , വ്യവസായം, തുടങ്ങിയ മേഖലകളിൽ പദ്ധതി നിർവ്വഹണം ഇല്ലെന്നിരിക്കെ ചുമതലയിൽപ്പെടാത്ത മേഖലയിൽ തുക വിനിയോഗിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-5 ഐ.സി.ഡി.എസ് ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടത്തൽ- പദ്ധതി നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥ മുൻകൂർ പണം പിൻവലിച്ചു.

പ്രേജക്ട് നം-40/17

അടങ്കൽ -200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -199629/- (ബിൽ നം-3/31-3-17)

നിർവ്വഹണം -സി.ഡി.പി.ഓ

ഐ.സി.ഡി.എസ് ഓഫീസിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, റേക്ക് ,മേശ,

കസേര എന്നിവ വാങ്ങുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി കെൽട്രോണിന്റെ നം KSEDC/CLT/PRO/890 തീയ്യതി 17-3-17 ഇൻവോയ്സ് പ്രകാരം 93000/- രൂപയ്ക്ക് കമ്പ്യൂട്ടറുകളും,സിഡ്കോയുടെ ഇൻവോയസ് നം-77 തീയ്യതി 29-3-17 പ്രകാരം 106629/- രൂപയുടെ താഴെ പറയുന്ന സാധനങ്ങൾക്കുമായാണ് നിർവ്വഹണ ഉദ്യോഗസ്ഥ ബിൽ പ്രകാരം തുക പിൻവലിച്ചത്.

| | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | H.W.Single Drawer Plank Table | 2 | 11150 |
| 2 | TW Arm Chair Plank Seat& Repar Back | 4 | 19676 |
| 3 | Wall Cupboard | 1 | 42800 |
| 4 | Wall Cupboard | 1 | 19500 |
| | Vat | | 13503 |
| | Total | | 106629 |

എന്നാൽ സിഡ്ക്കോ ഇൻവോയ്സ് പ്രകാരം പിൻവലിച്ച 106629/- രൂപയ്ക്കുള്ള സാധനങ്ങൾ നാളിതുവരെ ലഭിക്കുകയോ, തുക സിഡ്ക്കോയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ട്രഷറി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങൽ നടപടിക്രമങ്ങൾ മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതിയിൽ ജി.ഒ (പി) 259/2010 തീയ്യതി 8-11-2010 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത മാർഗ്ഗ നിർദേശ പ്രകാരമല്ല തൻവർഷം വാങ്ങലുകൾ നടത്തിയിരിക്കുന്നത്. അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. പദ്ധതിക്കായി പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച 106629/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ബ്ളോക്ക് ഓഫീസ് കേബിൻ നിർമ്മാണം-പദ്ധതി ലക്ഷ്യം കണ്ടില്ല.

പ്രോജക്ട്നം – 54/17

അടങ്കൽ – 253003(മെയിന്റനൻസ് റോഡിതരം)

ചെലവ് – 253003

നിർവ്വഹണം - സെക്രട്ടറി

ബ്ലോക്ക് ഓഫീസ് കേബിൻ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് റബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും ഇൻവോയ്സ് നം RHW/16-17/586 തീയ്യതി 18-3-17 പ്രകാരം 253003 രൂപ പിൻവലിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | മാനേജേഴ്സ് ടേബിൾ | 2 | 35296.06 |
| 2 | എക്സിക്യൂട്ടീവ് ചെയർ | 2 | 13827.08 |
| 3 | ഓഫീസ് ടേബിൾ ടു സീറ്റർ വിത്ത് കമ്പ്യൂട്ടർ ഫെസിലിറ്റി | 3 | 100042.80 |
| 4 | എക്സിക്യൂട്ടീവ് വിസിറ്റേഴ്സ് ചെയർ | 8 | 41586 |
| 5 | വുഡൻ ചെയർ വിത്ത് ആം | 6 | 15186 |
| 6 | ഷെൽഫ് | 1 | 15025 |
| | വാറ്റ് | | 32039.67 |
| | ആകെ | | 253003 |

മേൽ പ്രകാരമുള്ള ഫർണിച്ചറുകളുടെ വിതരണം സംബന്ധിച്ച് റബ്കോയുമായി കരാറിലേർപ്പെടുകയോ, നാളിതുവരെയായും റബ്കോ ബ്ളോക്ക് പഞ്ചായത്തിന് സപ്ലൈ ചെയ്യുകയോ ചെയ്തിട്ടില്ല. ബിൽ പ്രകാരം പിൻവലിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ പേരിലുള്ള കേരളാ ഗ്രാമീൺ ബാങ്ക് തുണേരിയിലെ നം - 40134100109948 അക്കൗണ്ടിൽ നിക്ഷേപിച്ചി രിക്കുകയാണ്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി യഥാർത്ഥത്തിൽ ലഭിക്കാത്ത ഫർണിച്ചറുകളുടെ വിലയായി നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്ന് തുക മുൻകൂർപിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത് 177/2006 ധനവിനിയോഗ മാർഗ്ഗ നിർദ്ദേശങ്ങൾക്കും കെ.എഫ്.സി ആർട്ടിക്കിൾ 40 (സി) യിലെ നിർദേശങ്ങൾക്കും വിരുദ്ധമാണ്. ആയത് യഥാർത്ഥത്തിൽ ചെലവില്ലാതെ അലോട്ട്മെന്റ് വിനിയോഗിക്കുക എന്ന ലക്ഷ്യത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 താലൂക്ക് ഹോമിയോ ആശുപത്രി ലാബ് സൗകര്യം ഒരുക്കൽ -പ്രോജക്ട് ലക്ഷ്യംകണ്ടില്ല.

പ്രോജക്ട് നം – 87/17

അടങ്കൽ – 650000/-(മെയിന്റനെൻസ് ഫണ്ട്)

ചെലവ് – 610264/- (ബിൽ നം-2/21-3-17)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ).

പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഇ-ടെൻണ്ടർ നടപടികൾ സ്വീകരിച്ച് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 610264/- രൂപയുടെ ലാബ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായാണ് ബിൽ പ്രകാരം തുക പിൻവലിച്ചിട്ടുള്ളത്.

| | സ്ഥാപനത്തിന്റെ പേര് | ബിൽ നം/തീയ്യതി | തുക |
|---|---|---|---|
| 1 | A4 All | AF 6053/ തീയ്യതി14-3-17 | 442238 |
| 2 | SMEK | 766/16-17 തീയ്യതി 13-3-17 | 143333 |
| 3 | Medi House | LB-5302 തീയ്യതി-17-3-17 | 20997.99 |
| 4 | Malabardygnostics | 88/15-16 | 3695 |

| | | | |
|---|---|---|---|
| | | തീയ്യതി-22-2-17 | |
| | | ആകെ | 610264 |

മേൽ പറഞ്ഞവയിൽ ക്രമ നം-3 പ്രകാരമുള്ള 20999.99 രൂപയുടെ ഉപകരണങ്ങൾ നാളിതുവരെയായും ആശുപത്രിക്ക് ലഭിച്ചിട്ടില്ല. ലാബിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാർ എന്നിവ ഒരുക്കുന്നതിന് മുൻപേ ലാബിനായി ഉപകരണങ്ങളും റീ ഏജന്റ്സും വാങ്ങുയതിനാലും നാളിതുവരെയായും ലാബ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാലും നിശ്ചിത കലാവധിക്കകം ഉപയോഗിക്കേണ്ട ഉപകരണങ്ങളും മരുന്നുകളും ഉപയോഗശൂന്യമായിപോവാനിടയുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് 8-11-2010 ലെ ജി.ഒ(പി) 259/2010 മാർഗ്ഗരേഖ പ്രകാരം സ്ഥാപനത്തിൽ രൂപീകരിക്കുന്ന വാങ്ങൽ ടീമിന്റെ ചുമതലയിലാണ്. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിച്ചെലവ് കുറഞ്ഞു

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 73 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 45% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 2.46 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 29788849 | 14489340 | 48.64 |
| 2 | പ്ലാൻ ഫണ്ട് SCP | 1886091 | 1642000 | 87.05 |
| 3 | പ്ലാൻ ഫണ്ട് TSP | 1325622 | 1317122 | 99.35 |
| 4 | കേന്ദ്ര ധനസഹായം | 2760000 | -- | 0 |
| 5 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 5360668 | 2488103 | 46.41 |
| 6 | മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം | 1472500 | --- | 0 |
| 7 | ജില്ലാ പഞ്ചായത്ത് വിഹിതം | 661500 | -- | 0 |
| 8 | മറ്റുള്ളവ | 1250000 | -- | 0 |
| ആകെ | | 44505230 | 19936565 | 44.79 |

പ്ലാൻ ഫണ്ടിൽ നിന്നും(ജനറൽ) 48.64% മാത്രമാണ് ചെലവായത്. മെയിന്റനൻസ് ഗ്രാന്റ് ചെലവും വളരെ കുറവാണെന്നു കാണാം(46% മാത്രം) ക്രമനം 4,6,7,8 എന്നിവയുടെ കാര്യത്തിൽ തുകയൊന്നും വിനിയോഗി ക്കാത്തത് ശ്രദ്ധേയമാണ്.

ക്രമനം 1മുതൽ 3വരെയുള്ളവയുടെയും ക്രമനം 5ന്റെയും കാര്യത്തിൽ തുക കിടക്കുന്നത് കൺസോളിഡേറ്റഡ്

ഫണ്ടിലായതിനാൽ നീക്കിയിരിപ്പുതുക 16-17 വർഷാവസാനം ലാപ്സായിരിക്കുകയാണ്. ഇതിൽ എത്രത്തോളം തുക തിരികെ കിട്ടുമെന്ന കാര്യത്തിൽ വ്യക്തതയില്ലാത്തതിനാൽ, ഫലത്തിൽ നഷ്ട പ്പെട്ടിരിക്കുകയാണ്. മേൽ കണക്കുകൾ പ്രകാരം 73.26ലക്ഷം രൂപയോളം ഇപ്രകാരം നഷ്ടമായിട്ടുണ്ട്. അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | അസി.എക്സി. എഞ്ചിനീയർ | 45 | 18 | 24568455/- | 6439440/- | 26.21 |
| 2 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീർ | 1 | 0 | 1000000 | 0 | 0 |
| 3 | സെക്രട്ടറി | 19 | 18 | 15414558 | 11227089 | 72.83 |
| 4 | ക്ഷീരവികസന ഓഫീസർ | 1 | 1 | 1350000 | 430000 | 31.85 |

ഇരു മേഖലകളിലുമായി 45 പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ പ്രൊജക്ടുകളുടെ 62% വും ആകെ വകയിരുത്തിയ തുകയുടെ 55% വും പൊതുമരാമത്ത്, കുടിവെള്ളം എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എക്സി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരിക്കുന്നത്. ഇതിൽ 18 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്. തൻവർഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ച തുകയിൽ 1.73 കോടി രൂപയും നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് അസി.എക്സി.എഞ്ചിനീയർ വക യിരുത്തിയ തുകയാണെന്നു കാണാം.

10 ലക്ഷം വകയിരുത്തി തുകയൊന്നും വിനിയോഗിക്കാത്ത ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറും ,വകയിരുത്തിയ തുകയുടെ 37.85% മാത്രം വിനിയോഗിച്ച ക്ഷീരവികസന ഓഫീസറും , വകയിരുത്തിയ തുകയിൽ 42 ലക്ഷത്തോളം തുക വിനിയോഗിക്കാത്ത സെക്രട്ടറിയും ഫണ്ട് നഷ്ടപ്പെട്ടതിൽ കൂട്ട ഉത്തരവാദികളാണ്. ഗ്രാമപഞ്ചായത്തുകളുടെ പുരോഗതിയ്ക്ക് സമയബന്ധിതമായി , തുക വിനിയോഗിക്കാത്തതിനും, വൻ തുക പഞ്ചായത്തു ഫണ്ടിന് നഷ്ടം വരുത്തിയതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-9 ഗ്രാമസഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു

ഓഡിറ്റ് വർഷത്തിൽ ഡി.പി.സിയുടെ അംഗീകാരം വാങ്ങിയ 73 പ്രൊജക്ടുകളിൽ 25 പുതിയ പ്രൊജക്ടുകൾ വികസന സെമിനാറിൽ അവതരിപ്പിച്ച കരട് വികസന പദ്ധതി രേഖയിൽ ഉൾപ്പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കരട് പദ്ധതി രേഖയിൽ 123 പദ്ധതി നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരുന്നെങ്കിലും ഇതിൽനിന്നും ആകെ 34 എണ്ണം മാത്രമാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടുള്ളൂവെന്ന് രേഖകൾ വ്യക്തമാക്കുന്നു. വികസന സെമിനാറിൽ കരട് നിർദ്ദേശങ്ങളായി വരുന്ന പദ്ധതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പഠനം നടത്തി തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നിർദ്ദേശിക്കുന്നവയും , സ്റ്റേക്ക് ഹോൾഡർമാരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ മാറ്റം വരുത്തിയതിനുശേഷം ഗ്രാമ സഭകളിൽ അവതരിപ്പിച്ച് അവയുടെ അംഗീകാരം വാങ്ങിയവയു മാണെന്നിരിക്കെ, കരട് രേഖയിൽപ്പെടാത്ത പദ്ധതികൾ അംഗീകാരം വാങ്ങിയതിൽ നിന്നും വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയ സ്ഥാപനത്തിൽ നടന്നിട്ടില്ലെന്നും, ഇതുവഴി ആസൂത്രണത്തിന്റെ കാര്യത്തിൽ നടപടിക്രമങ്ങളുടെ ലംഘനം നടന്നുവെന്നും വ്യക്തമാകുന്നു. കരട് പദ്ധതിരേഖയിൽ പ്പെടാത്തതും ഡി.പി.സിയുടെ അംഗീകാരം വാങ്ങിയതുമായ പ്രൊജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| മേഖല | | ഗ്രാമസഭകളുടെ അംഗീകാര മില്ലാത്ത | അംഗീകാരമി- ല്ലാത്തതിൽ നിർവ്വഹണം | അംഗീകാരമി ല്ലാത്തവയ്ക്ക് ആകെ | അംഗീകാര മില്ലാത്തവയ്ക്ക് ചെലവഴിച്ച |
|---|---|---|---|---|---|

| | | പ്രൊജക്ട് നം. | നടത്തിയ പദ്ധതി നം. | വകയിരുത്തിയ തുക | തുക |
|---|---|---|---|---|---|
| ആരോഗ്യം | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോമിയോ ഹോസ്പിറ്റൽ | 49 | 49 | 300000/- | 300000/- |
| പൊതുമരാമത്ത് | അസി.എക്സി. എഞ്ചിനീയർ | 21,22,23,24,29, 30,31,32,43, 51,82, 81,83,84 | 24,81,83,84 | 9205423/- | 1109948/- |
| ശിശുവികസനം | സി.ഡി.പി.ഒ | 39,40,77 | 39,40,77 | 710950/- | 418621/- |
| ചെറുകിട വ്യവസായം | ഐ.ഇ.ഒ | 89 | -- | 1000000/- | 0/- |
| സദ്ഭരണം | സെക്രട്ടറി | 1,7,27,53,85,93 | 1,7,27,53,85,93 | 1183326/- | 1181366/- |
| ആകെ | | | | 12399699/- | 3009935/- |

മേല്പറഞ്ഞതിൽ നിന്നും നിയമവിരുദ്ധമായി 1.24 കോടി വകയിരുത്തിയതിൽ 30.99 ലക്ഷം രൂപ ചെലവഴിച്ചതായി കാണാം . 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3, എം. എസ് . 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം വകയിരുത്തിയതിനും ചെലവഴിച്ചതിനും വിശദീകരണം നല്കാനാവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. അംഗീകാരമില്ലാത്ത പ്രൊജക്ടുകൾക്കായി വിനിയോഗിച്ച 3009935/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 റോഡ് പ്രവൃത്തികൾ ഗുണഭോക്തൃസമിതികളെ ഏല്പിക്കുന്നു

നിർവ്വഹണം : അസി.എക്സി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ ചില റോഡ് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നത് ഗുണഭോക്തൃ സമിതികളാണ് . (ഉദാ: പ്രൊജക്ട് നം. 18/17,24/17)റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് യന്ത്രങ്ങൾ ആവശ്യമാണെന്നും വിദഗ്ധരായ തൊഴിലാളികൾ ഇതിന് ആവശ്യമാണെന്നും ഗുണഭോക്തൃസമിതികൾക്ക് നിർവ്വഹണം നടത്തുന്നതിന് അപ്രാപ്യമായ പ്രവൃത്തിയായി ഇതിനെ മാറ്റുന്നുണ്ട്. വൈദഗ്ധ്യം ആവശ്യമുള്ള ഇത്തരം പ്രവൃത്തികൾ ഗുണഭോക്തൃസമിതികളെ ഏല്പിക്കുന്നതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്. സമിതികൾ തന്നെ നിർവ്വഹിക്കണമെന്ന് നിർബന്ധമുള്ള പക്ഷം ഒരു സാങ്കേതിക വിദഗ്ദനെ മേൽനോട്ടത്തിന് ചുമതലപ്പെടുത്തി പ്രവത്തി നിർവ്വഹിക്കാമെന്ന് ഇതുമായി ബന്ധപ്പെട്ട ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാതെയാണ് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നത്. കൂടാതെ സമിതികൾ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ കാര്യത്തിൽ , ലഭ്യമാക്കേണ്ട സമിതിയുടെ മിനിട്സ്,വൗച്ചറുകൾ,മസ്റ്റർ റോൾ,ബാങ്ക് പാസ് ബുക്ക് തുടങ്ങിയ അനുബന്ധ രേഖകളൊന്നും ലഭ്യമാക്കാതെയാണ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിരിക്കുന്നത് (ഉദാ: പ്രൊ.നം. 24/17)

## 3-11 ജലസേചന പദ്ധതികൾ -ഭാഗിക പ്രവർത്തനങ്ങൾ നടത്തുന്നു

നിർവ്വഹണം :അസി.എക്സി.എഞ്ചിനീയർ

സ.ഉ.(എം. എസ് ) 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6.15(xiii)ഡി പ്രകാരം ഒരു കുടിവെള്ള പ്രൊജക്ട് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. കിണറും പമ്പ് ഹൗസും ടാങ്കും ഉണ്ട്, വിതരണ ലൈനും ടാപ്പും ഇല്ല, വിതരണ ലൈനും ടാപ്പും, പമ്പ് ഹൗസും ടാങ്കും ഉണ്ട് കിണറും വെള്ളവും ഇല്ല,ഇപ്രകാരമുള്ള പ്രൊജക്ടുകൾ പാടില്ലെന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷപ്രൊജക്ടായി ഏറ്റെടുക്കണമെന്നും മേൽ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ കുടിവെള്ള പ്രൊജക്ടുകൾ മേൽ നിർദ്ദേശം പാലിക്കാതെ ഭാഗികമായാണ് നിർവ്വഹിച്ചിരിക്കുന്നത്. 66/17 നമ്പർ പ്രൊജക്ട് പ്രകാരം പുതുക്കയം പായിക്കുണ്ട് പദ്ധതിക്കായി ഒരു ടാങ്ക് മാത്രമാണ് നിർമ്മിച്ചിരിക്കുന്നത്. മറ്റ് ഘടകങ്ങളെ സംബന്ധിച്ചും പദ്ധതി എപ്പോൾ പൂർത്തീകരിക്കും എന്നതു സംബന്ധിച്ചും യാതൊരു വിവരവും പ്രൊജക്ട് റിപ്പോർട്ടിൽ ലഭ്യവുമല്ല. 69/17 നമ്പർ പ്രൊജക്ടിന്റെ കാര്യത്തിൽ ഒരു കിണർ നിർമ്മാണം മാത്രമാണ് നടന്നത്. ഇതിന്റെ കാര്യത്തിലും തുടർ പ്രവൃത്തികൾ വ്യക്തമല്ല. വർഷങ്ങളായുള്ള ആസൂത്രണ മാർഗ്ഗരേഖകളിൽ ഭാഗിക പ്രവർത്തനങ്ങൾ ഏറ്റെടുക്കരുതെന്ന നിർദ്ദേശം ഉണ്ടായിരിക്കെ മേല്പറഞ്ഞപ്രകാരം അപാകത വരുത്തിയതിന് വിശദീകരണം നല്കേണ്ടതും പ്രൊജക്ടുകൾ എപ്രകാരം പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കേണ്ടതുമാണ്.

## 3-12 മഠത്തിൽ പാലോത്ത് റോഡ് -ടെണ്ടർ കുറവ് ഈടാക്കിയില്ല

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

പ്രൊജക്ട് നം :62/17

എസ്റ്റിമേറ്റ് നം :600000/-

ആകെ പ്രവൃത്തി മൂല്യം:594932/-

അവസാന ബിൽ തുക:65308/- ബിൽ നം.6/9.11.16

കരാറുകാരൻ :എം.ടി ബാലൻ

അളവുപുസ്തകം : 38/15-16

മേൽ പ്രവൃത്തിക്ക് കരാറുകാരൻ 2.2% ടെണ്ടർ കുറവിനാണ് കരാർ ഏറ്റെടുത്തത്. എന്നാൽ അവസാനബിൽ തുക നല്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാതെയാണ് കരാറുകാരന് തുക നല്കിയത്. ഇതുമൂലം 13089/- രൂപ കരാറുരാന് അധികം നല്കിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നല്കിയിട്ടില്ല. 13089/- രൂപ അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 ആദായ നികുതി ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നിർവ്വഹണം നടത്തിയത് ഗുണഭോക്തൃ സമിതികളാണ്. പ്രവൃത്തികളുടെ ബിൽ തുക നല്കിയപ്പോൾ , ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% നിരക്കിൽ ഈടാക്കേണ്ട ആദായനികുതി ഈടാക്കാതെയാണ് തുക നല്കിയത്. നികുതി ഈടാക്കാത്തതിനാൽ താഴെ പറയും പ്രകാരം 3847/- രൂപയുടെ നഷ്ടം സർക്കാരിനുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി | കൺവീനർ | ആകെ മൂല്യം | അവസാന ബിൽ തുക | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | 10/17-ചാത്തോത്ത് മുക്ക് എടവനക്കണ്ടി റോഡ് | ഗോപാലൻ നമ്പ്യാർ | 335710/- | 335710/- 7/30.11.16 | 3167/- |

| | | | | | |
|---|---|---|---|---|---|
| 2 | 69/17- മാമ്പിലാക്കൽ ജലസേചന കിണർ പരിഷ്കരണം | -- | 72096/- | 72096/- 1/28.9.16 | 680/- |
| ആകെ | | | | | 3847/- |

അപാകതയ്ക്ക് വിശദീകരണം നല്കിയിട്ടില്ല. നികുതി അടിയന്തിരമായി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-14 അങ്കണവാടി ശൈശവോത്സവം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി.

പ്രോജക്ട്നം. – 39/17

അടങ്കൽ – 100000 (വികസനഫണ്ട്)

ചെലവ് – 100000/-

ബിൽ നം - 1/30-1-17

നിർവ്വഹണം -സി.ഡി.പി.ഒ

അങ്കണവാടി പഠന മോണിറ്ററിംഗ് പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ അങ്കണവാടി കലാ കായികമത്സരങ്ങൾ നടത്തി അതിനുശേഷം ബ്ലോക്ക് തലത്തിൽ മത്സരം നടത്തുന്നതിന്, പ്രോജക്ട് കോ-ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാന പ്രകാരം പ്രോജക്ട് നടപ്പാക്കാനായാണ് തൻവർഷം ബ്ളോക്ക് പഞ്ചായത്ത് ശൈശവോത്സവം പദ്ധതി ആവിഷ്കരിച്ചത്. പ്രോജക്ട് പദ്ധതി മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധ മായതിനാൽ നടപ്പാക്കാൻ കഴിയില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഭരണസമിതിയെ അറിയിക്കുകയും ശൈശവോത്സവം പദ്ധതി നടത്താൻ കോ-ഓർഡിനേഷൻ കമ്മിറ്റി അംഗീകാരം ഉണ്ടെന്നും സർക്കാർ ഉത്തരവ് പിന്നീട് ഭരണസമിതി ലഭ്യമാക്കുന്നതാണെന്നും പ്രോജക്ട് നടപ്പിലാക്കാൻ ഭരണ സമിതി നിർവ്വഹണ ഉദ്യോഗസ്ഥക്ക് നിർദ്ദേശം നൽകുകയും ചെയ്തു.ആയത് പ്രകാരം 2017 ജനവരി 14,15 തീയ്യതികളിലായി അത്തൂരിൽ വെച്ച് നടന്ന ശൈശവോത്സവ നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | ഇനം | ചെലവ് |
|---|---|---|
| 1 | വിവിധ പരിപാടികളുടെ ജഡ്ജ്മെന്റിനായി വിധികർത്താക്കൾക്ക് നൽകിയതുക | 9500 |
| 2 | പങ്കെടുത്തവർക്ക് ട്രോഫി | 14500 |
| 3 | ബാഡ്ജ് | 2000 |
| 4 | സ്റ്റേജ്,ലൈറ്റ് &സൗണ്ട്സ് | 27500 |
| 5 | ഭക്ഷണ ചെലവ് | 46500 |
| | ആകെ | 100000 |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ലഭിച്ച് കോ-ഓർഡിനേഷൻ കമ്മറ്റിയുടെ ശുപാർശ പ്രകാരം പദ്ധതി നടത്തിപ്പിന് ലഭിച്ച സർക്കാർ അനുമതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേഖലയിലെ ബ്ളോക്ക് പഞ്ചായത്തുകളുടെ ചുമതല ഐ.സി.ഡി.എസുകളുടെ നടത്തിപ്പ് മാത്രമാണ്. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും മൂന്നാം പട്ടിക പ്രകാരം

അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ചെലവ് തുക 1 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെയും മരുന്ന് ലഭിച്ചില്ല

പ്രോജക്ട്നം-49/17

അടങ്കൽ -300000

ചെലവ് - 300000/-(ബിൽ നം-1/ 16-3-17 )

നിർവ്വഹണം-മെഡിക്കൽ ഓഫീസർ(ഹോമിയോ)

താലൂക്ക് ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുവാങ്ങൽ പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി കേരളസ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പററ്റീവ് ഫാർമസിക്ക് പ്രഫോർമ ഇൻവോയ്സ് നം-135 തീയ്യതി6-3-17 പ്രകാരം 300000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായുംമരുന്നുകൾ ആശുപത്രിക്ക് ലഭിച്ചിട്ടില്ല.മരുന്ന് ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെഅറിയിക്കേണ്ടതാണ്. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾ മാർഗ്ഗരേഖയിൽപ്രത്യേകം പരാമർശിക്കാത്ത സംഗതിയിൽ ജി.ഒ (പി) 259/2010 തീയ്യതി 8-11-2010 പ്രൊക്വർമെന്റ്മാർഗ്ഗരേഖ പ്രകാരമായിരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശ പ്രകാരമല്ല തൻവർഷം ആശുപത്രിക്കാവശ്യമായ വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

## 3-16 വാഹനങ്ങളുടെ പരിപാലനം - അപാകതകൾ

തൂണേരി ബ്ളോക്ക് പഞ്ചായത്ത് ഓഫീസിൽ ഉപയോഗിച്ചു വരുന്ന KL-18 J 7896 (2012 മോഡൽ മഹീന്ദ്ര ബൊലറോ എ സി ജീപ്പ്), KL-18 A 1724 (2004 മോഡൽ മഹീന്ദ്ര ജീപ്പ്) എന്നീവാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.06.2007 ലെ ജി. ഒ. (എം എസ്) 170/17 നമ്പർ ഉത്തരവ് പ്രകാരം ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക്, പെട്രോൾ, ഡീസൽ, ഓയിൽ എന്നിവയ്ക്കുള്ള ഓർഡർ ബുക്ക്, ഡി.സി.ബി രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ) റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ രണ്ടു വാഹനങ്ങളെ സംബന്ധിച്ചും ലോഗ് ബുക്ക് ഒഴികെ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല.

2) KL-18 J 7896 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്കിൽ മാസാവസാനം എഴുതുന്ന സംക്ഷിപ്ത വിവരത്തിൽ 25.02.2015, 15.07.2016 തിയ്യതികളിൽ P W D മെക്കാനിക്കൽ വിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ 12.5 കി മീ /ലി. വിത്ത് എ സി എന്ന ഇന്ധന ക്ഷമതയ്ക്കു പകരം വ്യത്യസ്തമായ ഇന്ധനക്ഷമത പരിഗണിച്ചാണ് കിലോമീറ്റർ കണക്കാക്കിയിരിക്കുന്നത്.

ഉദാ- ഏപ്രിൽ 2016 -9.72 ,മെയ് 2016 -9.59,ജൂൺ 2016-11.63 ,നവംമ്പർ 2016-9.26

3).ഡിസംബർ 2015 ലെ വാഹനമോടിയത് സംബന്ധിച്ച സംക്ഷിപ്തം അടിസ്ഥാനമാക്കിയാൽ 2016 മാർച്ചിൽ 76.09 ലിറ്റർ ഡീസൽ വാഹനത്തിന്റെ ടാങ്കിൽ ബാക്കിയുണ്ടായിരിക്കേണ്ടതാണ്.

ഇപ്രകാരം പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ 12.5 കി മീ /ലി. വിത്ത് എ സി എന്ന ഇന്ധന ക്ഷമത പ്രകാരം തുടർന്നുള്ളമാസങ്ങളിൽ വാഹനം ഓടിയത് കണക്കാക്കിയാൽ 2017 ഫിബ്രവരിയിൽ 238.9 ലിറ്റർ ഡീസൽ ബാക്കി ഉണ്ടാവേണ്ടതാണ്. ഡീസൽ ഉപയോഗത്തിലെ പ്രകടമായ വ്യത്യാസം സംബന്ധിച്ച് വിശദമായ മറുപടി നൽകേണ്ടതും ഈയിനത്തിലുണ്ടായ അധികച്ചെലവ് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-17 താലൂക്ക് ആശുപത്രി ദൈനംദിന ചെലവുകൾക്കായി പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് നം – 11/17

അടങ്കൽ – 447222 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് – 447111/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ.

നാദാപുരം താലൂക്ക് ആശുപത്രിയുടെ വൈദ്യുതിചാർജ്ജ്, ടെലഫോൺചാർജ്ജ്, പോസ്റ്റേജ് എക്സ്പെൻസ്, അലക്കു

ചാർജ്ജ് എന്നിവ നൽകുന്നതിനായാണ് തൻ വർഷം പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക് സ്ഥാപനത്തിന്റെ തനത്ഫണ്ടിൽ നിന്ന് ആവശ്യാനുസരണം തുക ചെലവഴിക്കാമെന്നിരിക്കെ ഇതിനായി പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി തൻവർഷം ലഭിച്ച 7205780/- രൂപയുടെ വിനിയോഗം സംബന്ധിച്ച കത്യമായ കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-5 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷി ക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2004-05 (3-6) | 2007-08 (3-6) | സാമൂഹ്യ ജലസേചന പദ്ധതികൾ<br>വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തത് | വൈദ്യുതി കണക്ഷൻ ലഭ്യമാക്കി നല്ല രീതിയിൽ പ്രവർത്തിക്കുന്നു |
| 2001-02 (8-5) 10 | 2005-06 (8-5) ,10 | 8(5)-വനിതാ വീട് (ജനറൽ)<br>8 (10) – SGRY -പട്ടിക വർഗ്ഗത്തിന് ഭവന ധനസഹായം | നിലവിൽ വാസയോഗ്യമായ വീടുണ്ട് |

### 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67052020.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68631360.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13089 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4001831 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 13089 | ശ്രീ. പി.എം. ഗോപിനാഥ്,<br>അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 150000/-(30.03.17) | കെ.ദിലീപ്കുമാർ<br>അസി.എക്സി.എഞ്ചിനീയർ |
| 3-5 | 106629/-(31.3.17) | ഗായത്രി.എസ്<br>സി.ഡി.പി.ഓ |
| 3-6 | 253003/-(18.3.17) | കെ.കെ.ലളിത<br>സെക്രട്ടറി |
| 3-7 | 610264/- (ബിൽ നം-2/21-3-17) | കെ.ഹരീഷ് ബാബു മെഡിക്കൽ ഓഫീസർ (ഹോമിയോ). |
| 3-9 | 3009935/- | |
| 3-14 | 100000/- | ഗായത്രി.എസ്<br>സി.ഡി.പി.ഓ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-3(3) പ്രകാരമുള്ള 15000, ആദായനികുതി (4) പ്രകാരമുള്ള സേവനനികുതി 84937/- രൂപ, ഖണ്ഡിക3-13 പ്രകാരമുള്ള 3847/- രൂപ

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## **4-8** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | എൽ.എഫ്.കെ.കെ.ഡി.പി7/14 /14(1)6.11.14 | 1 |
| 1998-99 | | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(3)9.3.2015 | 3 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(4)12.11.2014 | 8 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(5)6.11.14 | 3 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(6)9.3.2015 | 2 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(7)10.11.2014 | 3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(8)25.6.2010 | 4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(9)12.11.14 | 4 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(9)12.11.14 | 4 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(10)10.11.14 | 8 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(12)30.12.14 | 1 |
| 2009-10 | എൽ.എഫ്.ർകെ.കെ.ഡി.പി7/1492 /14(13)6.11.14 | 4 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(14)09.03.2015 | 2 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(5)06.01.2015 | 4 |
| 2012-13 | | |

| | | |
|---|---|---|
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/1796 /16/21.11.16 | |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി പി.7/1530/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 01.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിൻെറ 2016–17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൂണേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P7/1530/2017
Kerala State Audit Department

District Audit Office, Kozhikode
Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 01.08.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Tuneri Block Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Tuneri Block panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR

DISTRICT AUDIT OFFICE, KOZHIKODE.